നം. ഒഎം3-40870/2022/ആ.വ.ഡ.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 14-06-2022

mail

## സർക്കുലർ

വിഷയം:- ആ.വ.ഡ. – ബഹു. ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ യോഗത്തിലെ യോഗതീരുമാനം നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച്.

സൂചന:- 24-05-2022 തീയതിയിലെ സ.ക. നം. എം3/46/2022/ആ.കു.വ.

-----------

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി ബഹു. ആരോഗ്യവും വനിതാ-ശിശുവികസവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ ~~നടപ്പിൽ~~ (പ്രാബല്യത്തിൽ) വരുത്തുന്നതിന് നിർദ്ദേശിക്കുന്നു.

1) താഴെയുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ / പ്രൊപ്പോസലിന്മേൽ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി മാത്രം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുകയും ഡയറക്ടർ തലത്തിൽ നിന്നും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിന്മേൽ വ്യക്തമായ അഭിപ്രായവും ശുപാർശയും രേഖപ്പെടുത്തുകയും വേണം. ആയതിലേയ്ക്കായി സെക്ഷനിൽ നിന്നും ഫയലുകൾ യഥാവിധം പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്. കൂടാതെ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന കത്തുകളിൽ / പ്രൊപ്പോസലുകളിൽ തുല്യം ചാർത്തുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് മൊബൈൽ ഫോൺ നമ്പർ, സെക്ഷൻ, ഫോൺ നമ്പർ, ഇ-മെയിൽ തുടങ്ങിയവ ലഭ്യമാക്കണം.

2) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ / നിവേദനങ്ങൾ എന്നിവയിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

3) ജനപ്രതിനിധികൾക്കുള്ള മറുപടി കത്തിടപാടുകൾ പ്രോട്ടോക്കോൾ അനുശാസിക്കും പ്രകാരം യഥാസമയം നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. പ്രീത.പി.വി.**
**ആരോഗ്യ വകുപ്പ് ഡയറക്ടർ (i/c)**

സ്വീകർത്താവ്:

1) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും
2) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
3) വെബ്സൈറ്റ്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

SS-15-06-2022
0184099